നടത്തും. അണക്കെട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അതിനാവശ്യമായ വനഭൂമി ലഭ്യമായതിനുശേഷമേ ഏറ്റെടുക്കാൻ നിർവ്വാഹമുള്ളു. വനഭൂമി ലഭിക്കുന്നതിനു കേന്ദ്രപരിസ്ഥിതി വകുപ്പിന്റേയും വനം വകുപ്പിന്റേയും അംഗീകാരം ലഭിക്കണം.

ബീഡി തൊഴിലാളികൾ

343. [402] ശ്രീമതി മാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള ബീഡിതൊഴിലാളികൾ എത്ര ;

(ബി) ബീഡിതൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ബീഡി തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) സംസ്ഥാനത്ത് ആകെ ഏകദേശം 1,10,300 ബീഡിതൊഴിലാളികളുണ്ട്.

(ബി) കേരള സർക്കാരിന്റെ കീഴിൽ ക്ഷേമപദ്ധതികൾ ഇന്നും നിലവിലില്ല. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ബീഡി തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം ബീഡി തൊഴിലാളികൾക്കു വൈദ്യസഹായം വീട് നിർമ്മാണത്തിനുള്ള സബ്സിഡിയും കുടിവെള്ളവും ബീഡി തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പും നൽകുന്നുണ്ട്.

(സി) ബീഡി തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ട്.

"തൊഴിലാളികളെ ബാധിക്കുന്ന നിയമങ്ങൾ പാലിക്കപ്പെടാത്തതായി പരാതി

* 344. [403] ശ്രീ. സി. പി. മുസ്സാൻകുട്ടി :
,, ഒ. രാജൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 ജനുവരി മുതൽ 1985 ജൂൺ 1 വരെയുള്ള കാലയളവിൽ കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതിലെങ്കിലും തൊഴിലാളികളെ ബാധിക്കുന്ന ഏതെങ്കിലും കരാറുകളോ, കീഴ്വഴക്കങ്ങളോ,

LIBRARY ARCHIVES Kerala Legislative Assembly

കോടതി വിധികളോ പലിക്കപ്പെടാത്തതായി വല്ല ആക്ഷേപവും ഈ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ പേരിൽ എന്തു നടപടികളാണു സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഐ. ആർ. ഡി. പി. വായ്പ വിതരണത്തിലെ ക്രമക്കേടുകളെപ്പറ്റിയുള്ള അന്വേഷണം

* 345. [404] ശ്രീ. സി. വാസുദേവമേനോൻ :
,, വി. വി. ജോസഫ് :
,, കോട്ടക്കുഴി സുകുമാരൻ :
,, വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. വായ്പ വിതരണത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ വിജിലൻസ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സംവിധാനത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വിതരണം ചെയ്തിട്ടുള്ള ഐ. ആർ. ഡി. പി. വായ്പകൾ ശരിയായി വിനിയോഗിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ ?

സാമൂഹ്യവികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ, ബി) 18-8-1984-ൽ ജി. ഒ. ആർ. ടി 820/84/ഡിഡി എന്ന ഉത്തരവനുസരിച്ച് ജില്ലാകളക്ടറുടെ നിയന്ത്രണത്തിൽ ഒരു വിജിലൻസ് സെൽ ജില്ലകളിൽ രൂപീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാകളക്ടർക്ക് ഉത്തമവിശ്വാസമുള്ള മൂന്ന് ഉദ്യോഗസ്ഥൻമാരായിരിക്കും ഈ സെല്ലിലുള്ളത്. വികസനവകുപ്പു വഴി നടത്തുന്ന പ്രവർത്തനങ്ങളും മറ്റും പരിശോധിക്കാൻ ഈ സെല്ലിനു ചുമതലയുണ്ട്.

(സി) ഉണ്ട്.

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ജലവിതരണ പദ്ധതികൾ

* 346. [405] ശ്രീ. എം. വി. രാഘവൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, ടി. കെ. അറുമുഖൻ :
,, സി. ടി. കൃഷ്ണൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ ആൻറ് വെസ്റ്റ് വാട്ടർ അതോറിറ്റി ലോകബാങ്കിൻെറ സഹായത്തോടുകൂടി ഏതെല്ലാം ജലവിതരണ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly